LIBRARY ARCHIVES Kerala Legislative Assembly

വിലനിലവാരം പ്രസിദ്ധീകരിക്കാൻ നടപടി

49 [1137] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യ സാധനങ്ങളും പലവ്യഞ്ജന സാധനങ്ങളും വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത വിലയ്ക്ക് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വില നിലവാരം ഏകീകരിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് വിൽക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കച്ചവട സ്ഥാപനങ്ങളിൽ വിലനിലവാരം പ്രസിദ്ധീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ പല സ്ഥലങ്ങളിലും ഒരേ സാധനം എത്തിക്കുന്നതിനുള്ള ചെലവ് വ്യത്യസ്തമാകുന്നതുകൊണ്ടുതന്നെ, വിലയിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ സംസ്ഥാനത്ത് റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങൾ ഏകീകൃത വിലയ്ക്കാണ് വിൽക്കുന്നത്. കൂടാതെ എല്ലാ മാവേലി സ്റ്റോറുകൾവഴിയും വിതരണം ചെയ്യുന്ന സാധനങ്ങളും ഒരേ വിലയ്ക്കാണ് വിൽപ്പന നടത്തുന്നത്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കടകളിൽ നിയന്ത്രിത വിലയ്ക്കാണ് പലവ്യഞ്ജന സാധനങ്ങൾ വിൽക്കുന്നത്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റോക്ക് ബോർഡും പ്രൈസ് ബോർഡും, എഴുതി പ്രദർശിപ്പിക്കുന്നുണ്ടോ എന്ന കാര്യം പരിശോധനാ ഉദ്യോഗസ്ഥൻമാർ ശ്രദ്ധിക്കുകയും ഇപ്രകാരം ചെയ്യാത്തവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി

50 [1138] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്തുവരുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ 2001 മേയ് മാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയാണ് എന്നത് സംബന്ധിച്ച വിലവിവരപട്ടിക ലഭ്യമാക്കുമോ ;

(ബി) റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ 2001 മേയ് മാസത്തെ വിൽപ്പനയുടെ അളവും ഇപ്പോഴത്തെ വിൽപ്പനയുടെ അളവും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വർദ്ധിപ്പിച്ചുകൊണ്ട് വിലക്കയറ്റം തടഞ്ഞുനിർത്തുവാനും അതുവഴി ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്തുവരുന്ന റേഷൻ സാധനങ്ങളുടെ 2001 മേയ് മാസത്തെ വിലയും ഇപ്പോഴത്തെ വിലയും താഴെപ്പറയും പ്രകാരമാണ്:

	2001 മേയ് വില രൂപ/കിലോഗ്രാം	2005 ജനുവരി വില രൂപ/കിലോഗ്രാം
അരി-എ.പി.എൽ.	11.90	8.90
എ.പി.എൽ. (സ്റ്റേറ്റ് സബ്സിഡി)	10.00	ഇല്ല
ബി.പി.എൽ.	6.20	6.20
അന്ത്യോദയ അന്നയോജന	3.00	3.00
ഗോതമ്പ്-എ.പി.എൽ.	8.90	6.70
ബി.പി.എൽ.	ഇല്ല	4.70
പഞ്ചസാര	13.35	13.50
മണ്ണെണ്ണ (ലിറ്ററിന്)	7.80 മുതൽ 7.90 വരെ	9.50 മുതൽ 9.70 വരെ

(ബി) റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ 2001 മേയ് മാസത്തെ വിൽപ്പനയുടെ അളവും ഇപ്പോഴത്തെ വിൽപ്പനയുടെ അളവും താഴെപ്പറയും പ്രകാരമാണ്:

	2001 മേയ് (മെ. ടൺ)	2004 ഡിസംബർ (മെ. ടൺ)
അരി-എ.പി.എൽ.	158.13	4743.06
ബി.പി.എൽ.	26547.85	31186.87
അന്ത്യോദയ അന്നയോജന	2348.68	15168.63
ഗോതമ്പ്-എ.പി.എൽ.	1510.00	16747.14
ബി.പി.എൽ.	..	10694.48
പഞ്ചസാര	3696	2587.5
മണ്ണെണ്ണ (കിലോ ലിറ്റർ)	29378	19971.14

(സി) പൊതുവിതരണ ശൃംഖലവഴി നിത്യോപയോഗ സാധനങ്ങൾ ഇപ്പോൾ സബ്സിഡി നിരക്കിലാണ് വിതരണം ചെയ്തുവരുന്നത്. സബ്സിഡി ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly